# കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി
## ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് വിംഗ്
ലക്കിടി പി.ഒ, വയനാട് 673 576 വെബ്സൈറ്റ്:www.kvasu.ac.in
ഫോൺ: 04936 209290, 209219, 209292 മൊബ.നം; 9447106534
ഇമെയിൽ- ue@kvasu.ac.in ഓഫീസ് ഇ-മെയിൽ - idwofficepkt@kvasu.ac.in


നം.കെ.വി.എ.എസ്.യു/ഐ.ഡി.ഡബ്ല്യു/ജി-1610/2026 തീയതി : 03/09/2026

### ലേല പരസ്യം

കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി പൂക്കോട് ക്യാമ്പസ്സിൽ ഗസ്റ്റ് ഹൗസിനു സമീപം സ്ഥിതി ചെയ്യുന്ന പ്രീഫാബ് വില്ലകൾ കോൺക്രീറ്റ് /സോളിഡ് ബ്ലോക്ക് തറ ഉൾപ്പെടെ (2 എണ്ണം) പൊളിച്ചുമാറ്റി തറ ഭൂനിരപ്പിലാക്കി നൽകുന്നതിനും പൊളിച്ചുമാറ്റപെട്ട മണ്ണ്/കോൺക്രീറ്റ് ഒഴികെ ഉള്ള എല്ലാവിധ സാധനങ്ങളും കരാറുകാരൻറെ സ്വന്തം ഉത്തരവാദിത്തത്തിലും സർവകശാലയുടെ സ്ഥാവരജംഗമ വസ്തുക്കൾക്ക് യാതൊരു കേടുപാടുകളും സംഭവിക്കാത്ത തരത്തിൽ ക്യാമ്പസ്സിന് പുറത്തേക്ക് നീക്കം ചെയ്യുന്നതിനും മണ്ണ്/കോൺക്രീറ്റ് 500 മീറ്റർ അകലത്തിൽ ഡിപ്പാർട്മെൻറ് എഞ്ചിനീയർമാർ നിർദേശിക്കുന്ന സ്ഥലത്ത് നിരത്തുന്നതിനുമായി അംഗീകൃത വ്യക്തികൾ/കരാറുകാർ എന്നിവരിൽ നിന്നും സർവകശാലയിലേക്ക് പ്രതിഫലമായി നല്കാൻ സന്നദ്ധമായ തുക ഇതോടപ്പമുള്ള ക്വട്ടേഷൻ മാതൃകയിൽ രേഖപ്പെടുത്തികൊണ്ടുള്ള മത്സരാടിസ്ഥാനത്തിലുള്ള ഓഫറുകൾ ക്ഷണിച്ചുകൊള്ളുന്നു

| ക്രമ നം | പ്രവർത്തിയുടെ പേര് | നിരത ദ്രവ്യം (രൂപ) |
|---|---|---|
| 1 | Dismantling and removal of prefab villas (2 nos) at KVASU, Pookode. | 10,000/- |

### നിബന്ധനകൾ

1. താല്പര്യമുള്ള വ്യക്തികൾ/കരാറുകാർ 03/09/2026 മുതൽ 10/09/2026 2.00 pm വരെ എല്ലാ പ്രവർത്തി സമയങ്ങളിലും പൂക്കോട് ഐ .ഡി .വിങ് ഓഫീസുമായി ബന്ധപ്പെട്ട് മേൽപ്രതിപാദിച്ച പ്രീഫാബ് വില്ലകളുടെ നിജ സ്ഥിതി സ്വയം ബോധ്യപ്പെടേണ്ടതാണ്.

2. ഇതോടൊപ്പം ചേർത്തിട്ടുള്ള ഷെഡ്യൂളിൽ തയ്യാറാക്കിയ ഓഫറിനോടൊപ്പം മേൽപറഞ്ഞ നിരതദ്രവ്യം യൂണിവേഴ്സിറ്റി എഞ്ചിനീയർ ഐ.ഡി.വിങ്,പൂക്കോട്- ൻറെ പേരിൽ DD ഒടുക്കിയതിന്റെ അസൽ രസീത് ഉള്ളടക്കം ചെയ്യേണ്ടതാണ്

3. ഓഫറുകൾ പ്രവർത്തിയുടെ പേരെഴുതി സീൽ ചെയ്ത കവറുകളിൽ 10/09/2026 നു 3.00 pm നുള്ളിൽ യൂണിവേഴ്സിറ്റി എഞ്ചിനീയർ, ഐ.ഡി.വിങ്, പൂക്കോട് എന്ന മേൽ വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കാവുന്നതാണ്. വൈകി ലഭിക്കുന്ന ഓഫറുകൾ നിരസിക്കുന്നതും അന്നേ ദിവസം 3.30 ഹാജരായിട്ടുള്ള കരാറുകാരുടെയോ അവരുടെ പ്രധിനിധികളുടെയോ സാന്നിധ്യത്തിൽ 4.pm തുറക്കുന്നതുമായിരിക്കും.

4 . ലേലം ഉറപ്പിച്ച വ്യക്തികൾ /കരാറുകാർ ലേല തുക അംഗീകരിച് ഉത്തരവ് ലഭ്യമായി 7 ദിവസത്തിനകം രേഖപ്പെടുത്തിയ നിരക്ക്, (ജി.എസ് .ടി തുക 18% സഹിതം)പൂക്കോട് ID.Wing ഓഫീസിൽ അടക്കേണ്ടതും ബന്ധപ്പെട്ട ഉടമ്പടി ക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുമാണ് .സർവകശാല നിർദേശിക്കുന്ന തീയതി മുതൽ 7 ദിവസത്തിനുള്ളിൽ പൊളിച്ച മാറ്റൽ പ്രക്രിയ പൂർത്തീകരിക്കേണ്ടതും പൊളിച്ചെടുത്ത അവശിഷ്ടങ്ങൾ (മണ്ണ്/കോൺക്രീറ്റ് ഒഴികെ) സർവകലാശാല എഞ്ചിനീയർമാരുടെ നിർദേശം പോലെ നീക്കം ചെയ്ത ശേഷം

പൊളിച്ച കിട്ടിയ സാമഗ്രികൾ ക്യാമ്പസ്സിന് പുറത്തേക്ക് കൊണ്ടുപോകേണ്ടതാണ്. സാധനങ്ങൾ കൊണ്ടുപോകുന്നതിനാവശ്യമായ ഗേറ്റ് പാസ്സ് അസ്സി എക്സിക്യൂട്ടീവ് എഞ്ചിനീയർ,ഐ .ഡി വിങ് .പൂക്കോട് , ഓഫീസിൽ നിന്നും ലഭ്യമാക്കുന്നതാണ്.

5. നിർദിഷ്ട തീയതിക്കുശേഷം പൊളിച്ച മാറ്റപ്പെട്ട സാമഗ്രികൾ (മണ്ണ് ഒഴികെ ) യൂണിവേഴ്സിറ്റി ക്യാമ്പസ്സിൽ നിന്നും നീക്കം ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നതോ വൈകുന്നതോ ആയ സാഹചര്യത്തിൽ കൂടുതൽ ആവിശ്യമായി വരുന്ന ദിനങ്ങൾക്ക് പ്രതിദിനം 1000 /- രൂപ നിരക്കിൽ പിഴയായി ഐ .ഡി .വിങ് ഓഫീസിൽ അടക്കേണ്ട ബാധ്യത കരാറുകാരന് ഉണ്ടായിരിക്കുന്നതാണ് . ഇതിനു ശേഷം മാത്രമേ ഗേറ്റ് പാസ്സ് തുടർന്ന് അനുവദിക്കുകയുള്ളൂ .

സർക്കാർ നിർകർഷിക്കുന്ന എല്ലാ നിബന്ധനകളും ഈ ലേലത്തിന് ബാധകമാണ് . ലഭിച്ച ഓഫറുകൾ പരിശോധനക്ക് വിധേയമാക്കി, ആവിശ്യമെങ്കിൽ നിരസിക്കുന്നതിനോ ഒഴിവാക്കുന്നതിനോ ഉള്ള അധികാരം താഴെ ഒപ്പുവെച്ച ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്.

ഒപ്പ്/-

**യൂണിവേഴ്സിറ്റി എഞ്ചിനീയർ**

പകർപ്പ് :1. സർവകശാല വെബ്സൈറ്റ്

2. നോട്ടീസ് ബോർഡ്, ഐ .ഡി .വിങ്, പൂക്കോട്
3. അസ്സി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ. ഡി. വിങ്,പൂക്കോട്
4. ഫയൽ

**Quotation Inviting Authority: INFRASTRUCTURE DEVELOPMENT WING, KERALA VETERINARY AND ANIMAL SCIENCES UNIVERSITY POOKODE**

## QUOTATION SCHEDULE

Name of Work: Dismantling and removal of prefab villas (2 nos) at KVASU, Pookode at KVASU, Pookode

| Quotation No: | | | |
|---|---|---|---|
| Sl. No. | പ്രവർത്തി | (18%) ജി.എസ്.ടി. ഉൾപ്പെടെ യൂണിവേഴ്സിറ്റിക്ക് നൽകുന്ന ആകെ തുക | ആകെ തുക അക്ഷരത്തിൽ |
| 1 | | | |
| 1.01 | കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി പൂക്കോട് ക്യാമ്പസ്സിൽ ഗസ്റ്റ് ഹൗസിനു സമീപം സ്ഥിതി ചെയ്യുന്ന പ്രീഫാബ് വില്ലകൾ കോൺക്രീറ്റ് /സോളിഡ് ബ്ലോക്ക് തറ ഉൾപ്പെടെ (2 എണ്ണം) പൊളിച്ചുമാറ്റി തറ ഭൂനിരപ്പിലാക്കി നൽകുന്നതിനും പൊളിച്ചുമാറ്റപ്പെട്ടതും കരാറുകാരന് വിക്രിയ സ്വാതന്ത്ര്യം നല്കപ്പെട്ടിട്ടുള്ളതുമായ മണ്ണ്/കോൺക്രീറ്റ് ഒഴികെ ഉള്ള എല്ലാവിധ സാധനങ്ങളും കരാറുകാരന്റെ സ്വന്തം ഉത്തരവാദിത്തത്തിലും സർവകശാലയുടെ സ്ഥാവരജംഗമ വസ്തുക്കൾക്ക് യാതൊരു കേടുപാടുകളും സംഭവിക്കാത്ത തരത്തിൽ ക്യാമ്പസ്സിന് പുറത്തേക്ക് നീക്കം ചെയ്യുന്നതിനും മണ്ണ്/കോൺക്രീറ്റ് 500 മീറ്റർ അകലത്തിനുള്ളിൽ ഡിപ്പാർട്മെന്റ് എഞ്ചിനീയർമാർ നിർദേശിക്കുന്ന സ്ഥലത്ത് നിരത്തുന്നതിനും. | | |

.........................................................................എന്ന ഞാൻ മേൽ പ്രവർത്തി ജി എസ് ടി ഉൾപ്പെടെ ................................/-
(................................................ .) നൽകികൊണ്ട് നിർദ്ദേശപ്രകാരം പൂർത്തീകരിക്കുന്നതിന് തയ്യാറാണ്.

**Name & Address of the Bidder/Bidding firm/Company:**

**Signature:**

**Contact No:**

Sd/-
**UNIVERSITY ENGINEER**